(എ) ഹഡ്കോയുടെ ധനസഹായത്തോടെ ആലപ്പുഴയിൽ നടപ്പിലാക്കുന്ന ജലസേചന പദ്ധതിക്ക് സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ നിർദ്ദേശം സമർപ്പിച്ചത് എന്ന് അറിയിക്കാമോ;

(സി) ഇതിന്മേൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

നടപ്പു സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മരാമത്ത് പണികൾ

26 [578] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ എന്തെല്ലാം മരാമത്ത് പണികൾ നടപ്പു സാമ്പത്തിക വർഷം നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം പണി തുടങ്ങിയതിൽ ഇതുവരെ പണി പൂർത്തീകരിച്ച മരാമത്തു പണികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പണി തുടങ്ങി നാളിതുവരെ പണി പൂർത്തീകരിക്കാത്തവ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ തുടങ്ങിയ മരാമത്ത് പണികളിൽ പണി പൂർത്തീകരിക്കാത്തവ ഏതെല്ലാം; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

എക്സ്പ്രസ്ഹൈവേ നിർമ്മാണ പ്രവർത്തനം

27 [579] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സ്പ്രസ് ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ലോകബാങ്ക് സഹായത്തോടെ പുതുക്കിപ്പണി നിർവ്വഹിച്ചത് എത്ര കിലോ മീറ്റർ ദൂരം റോഡുകളായിരുന്നു; ഇവ ഏതൊക്കെ ജില്ലകളിലെ എത്ര കിലോ മീറ്റർ വീതം വരുന്ന ഏതൊക്കെ റോഡുകളായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ തുടർന്നുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റോഡ് നവീകരണത്തിനായി ലോകബാങ്കിൽനിന്നും എത്ര തുകയാണ് വായ്പയായി ലഭിച്ചത്; ഇതിന്റെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ദീർഘദൂര അതിവേഗ പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) 339.1 കി. മീ. ദൂരം റോഡുകൾ. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. † †

(സി) ഒരു വർഷത്തിനകം ഈ റോഡുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ ചെയ്യുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

(ഡി) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന റോഡ് വികസന പദ്ധതിക്ക് 1250 കോടി രൂപ ലോകബാങ്കിൽനിന്നും വായ്പ അനുവദിച്ചിട്ടുണ്ട്. വായ്പ തുകയായി ഇതേവരെ 112.26 കോടി രൂപ ലോകബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ട്. 2007 മുതൽ 15 വർഷം കൊണ്ട് 11½ % പലിശ സഹിതം വായ്പ തിരിച്ചടയ്ക്കണം. വായ്പ തുകയിൽ 30% തുക ഗ്രാന്റായിരിക്കും.

---

† അനുബന്ധം VA

† † ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY, ARCHIVES Kerala Legislative Assembly

അനുബന്ധം V

[27-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 26 (578)-ന്റെ ഉത്തരം ദയവായി കാണുക.]

നമ്പർ	ജില്ല	പണി	ഇപ്പോഴത്തെ അവസ്ഥ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാത 47-ൽ തിരുവനന്തപുരം ബൈപ്പാസ്സ് കി.മീ. 13.366 മുതൽ 22.700 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.
2	തിരുവനന്തപുരം	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാത 47-ൽ തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസ്സ് കി.മീ. 0 മുതൽ 7415 വരെയും 10617 മുതൽ 13366 വരെയും	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.
3	കൊല്ലം	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാതയിൽ 208-ൽ കി.മീ. 0 മുതൽ 10 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.
4	ആലപ്പുഴ	ആലപ്പുഴ ബൈപാസ്സ് ഫേസ്-II ചെയിൻ 2300 മുതൽ 6150 വരെ (2 ആർ.ഒ.ബി.-കൾ ഒഴികെ)	പണി ആരംഭിക്കേണ്ടതുണ്ട്.
5	മലപ്പുറം	കുറ്റിപ്പുറം-പുതുപൊന്നാനി ഫേസ്-II & III കി.മീ. 319/370 മുതൽ 323/200-ഉം കി.മീ. 323/200 മുതൽ 334/745 വരെ	പണി അവാർഡ് ചെയ്തിട്ടുണ്ട്
6	എറണാകുളം	ഭൂമി ഏറ്റെടുക്കൽ ചെറിയപ്പള്ളി-വരാപ്പുഴ കി.മീ. 425/200 മുതൽ 429/550 (ചെയിൻ 16402 മുതൽ 20525) വരെ	ഭൂമി ഏറ്റെടുക്കൽ നടന്നു വരുന്നു.
7	ഇടുക്കി	ഐ.ആർ.ക്യൂ.പി. 2003-04 എൻ.എച്ച്. 220 കി.മീ. 147 മുതൽ 160 വരെ	ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്.
8	ഇടുക്കി	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാത 220 കി.മീ. 196 മുതൽ 206 വരെ	ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
9	കോട്ടയം	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാത 220-ൽ കി.മീ. 172.700 മുതൽ 186/000 വരെ	ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്
10	ഇടുക്കി	ഐ.ആർ.ക്യൂ.പി. 2003-04 ദേശീയപാത 49-ൽ കി.മീ. 220 മുതൽ 226 വരെ	ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്
11	മലപ്പുറം	ഐ.ആർ.ക്യൂ.പി. 2003-04 എൻ.എച്ച്. 17 കി.മീ. 276 മുതൽ 292 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്
12	മലപ്പുറം	ഐ.ആർ.ക്യൂ.പി. 2003-04 കി.മീ. 76 മുതൽ 86,500 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്
13	മലപ്പുറം	ഐ.ആർ.ക്യൂ.പി. 2003-04 എൻ.എച്ച്. 213 കി.മീ. 66 മുതൽ 76 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്
14	മലപ്പുറം	ഐ.ആർ.ക്യൂ.പി. 2003-04 എൻ.എച്ച്. 213 കി.മീ. 15/656 മുതൽ 40/000	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്
15	കോഴിക്കോട്	എൻ.എച്ച്.17-ൽ പാലോളിപാലം പുതുക്കി പണിയുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ (കി.മീ. 201/090 മുതൽ 202/065 വരെ)	ഭൂമി ഏറ്റെടുക്കൽ നടന്നുവരുന്നു
16	കോഴിക്കോട്	ഐ.ആർ.ക്യൂ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ. 28 മുതൽ 48 വരെ	പി.ക്യൂ. പൂർത്തീകരിച്ചു.
17	കോഴിക്കോട്	ഐ.ആർ.ക്യൂ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ. 76 മുതൽ 87 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.
18	കോഴിക്കോട്	ഐ.ആർ.ക്യൂ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ . 42 മുതൽ 55 വരെ	പി.ക്യൂ. പൂർത്തീകരിച്ചു.
19	കാസറകോട്	ഐ.ആർ.ക്യൂ.പി. 2003-04-ൽ എൻ.എച്ച്. 17-ൽ കി.മീ . 94 മുതൽ 104 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.
20	കാസറകോട്	ഐ.ആർ.ക്യൂ.പി. എൻ.എച്ച്. 17 കി.മീ. 52.350 മുതൽ 63 വരെ	എഗ്രിമെന്റ് നടപ്പിലാക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VA

[27-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 26 (578)-ന്റെ ഉത്തരം ദയവായി കാണുക.]

നമ്പർ	ജില്ല	പണി	പൂർത്തീകരണ തീയതി
(1)	(2)	(3)	(4)
1	തിരുവനന്തപുരം	ഐ.ആർ.ക്യു.പി. 2003-04 ദേശീയപാത 47-ൽ തിരുവനന്തപുരം ബൈപാസ്സ് കി.മീ. 13.366 മുതൽ 22.700 വരെ	ജൂൺ 2004
2	തിരുവനന്തപുരം	ഐ.ആർ.ക്യു.പി. 2003-04 ദേശീയപാത 47-ൽ തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപാസ്സ് കി.മീ. 0 മുതൽ 7415 വരെയും 10615 മുതൽ 13366 വരെയും	ജൂൺ 2004
3	കൊല്ലം	ഐ.ആർ.ക്യു.പി. 2003-04 ദേശീയപാതയിൽ 208-ൽ കി.മീ. 0 മുതൽ 10 വരെ	ജൂൺ 2004
4	ആലപ്പുഴ	ആലപ്പുഴ ബൈപാസ്സ് ഫേസ്-II ചെയിൻ 2300 മുതൽ 6150 വരെ (2 ആർ.ഒ.ബി.-കൾ ഒഴികെ)	ഡിസംബർ 2004
5	മലപ്പുറം	കുറ്റിപ്പുറം പുതുപൊന്നാനി ഫേസ്-II & III കി.മീ. 319/370 മുതൽ 323/200 ഉം കി.മീ. 323/200 മുതൽ 334/745 വരെ	ഡിസംബർ 2004
6	എറണാകുളം	ഭൂമി ഏറ്റെടുക്കൽ പെറിയപ്പള്ളി-വരാപ്പുഴ കി.മീ. 425/200 മുതൽ 429/550 (ചെയിൻ 16402 മുതൽ 20525 വരെ)	ഡിസംബർ 2004
7	ഇടുക്കി	ഐ.ആർ.ക്യു.പി. 2003-04 എൻ.എച്ച്. 220 കി.മീ. 147 മുതൽ 160 വരെ	ജൂൺ 2004
8	ഇടുക്കി	ഐ.ആർ.ക്യു.പി. 2003-04 ദേശീയപാത 220 കി.മീ. 196 മുതൽ 206 വരെ	ജൂൺ 2004

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
9	കോട്ടയം	ഐ.ആർ.കൃ.പി. 2003-04 ദേശീയപാത 220-ൽ കി.മീ. 172.700 മുതൽ 186/000 വരെ	ജൂൺ 2004
10	ഇടുക്കി	ഐ.ആർ.കൃ.പി. 2003-04 ദേശീയപാത 49-ൽ കി.മീ. 220 മുതൽ 226 വരെ	ജൂൺ 2004
11	മലപ്പുറം	ഐ.ആർ.കൃ.പി. 2003-04 എൻ.എച്ച് 17 കി.മീ. 276 മുതൽ 292 വരെ	ജൂൺ 2004
12	മലപ്പുറം	ഐ.ആർ.കൃ.പി. കി.മീ. 76 മുതൽ 86,500 വരെ	ജൂൺ 2004
13	മലപ്പുറം	ഐ.ആർ.കൃ.പി. 2003-04 എൻ.എച്ച്. 213 കി.മീ. 66 മുതൽ 76 വരെ	ജൂൺ 2004
14	മലപ്പുറം	ഐ.ആർ.കൃ.പി. 2003-04 എൻ.എച്ച്. 213 കി.മീ. 15/656 മുതൽ 40/000	ജൂൺ 2004
15	കോഴിക്കോട്	എൻ.എച്ച് 17-ൽ പാലോളിപാലം പുതുക്കി പണിയുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ (കി.മീ. 201/090 മുതൽ 202/065 വരെ)	ഡിസംബർ 2004
16	കോഴിക്കോട്	ഐ.ആർ.കൃ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ. 28 മുതൽ 48 വരെ	ജൂൺ 2004
17	കോഴിക്കോട്	ഐ.ആർ.കൃ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ. 76 മുതൽ 87 വരെ	ജൂൺ 2004
18	കോഴിക്കോട്	ഐ.ആർ.കൃ.പി. 2003-04-ൽ എൻ.എച്ച്. 212-ൽ കി.മീ . 42 മുതൽ 55 വരെ	ജൂൺ 2004
19	കാസറകോട്	ഐ.ആർ.കൃ.പി. 2003-04-ൽ എൻ.എച്ച്. 17-ൽ കി.മീ . 94 മുതൽ 104 വരെ	ജൂൺ 2004
20	കാസറകോട്	ഐ.ആർ.കൃ.പി. എൻ.എച്ച്. 17 കി.മീ. 52.350 മുതൽ 63 വരെ	ജൂൺ 2004